ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇതു സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ഡി) സംസ്ഥാന വിജിലൻസ് വകുപ്പ്.

അഷ്ടമുടി ടൂറിസ്റ്റ് കേന്ദ്രം

23 [50] ശ്രീ. തോപ്പിൽ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ കായലോരങ്ങൾ മനോഹരമാക്കാനുള്ള പദ്ധതിയുടെ ഭാഗമായി കായലിലൂടെ ടൂറിസ്റ്റുകൾക്കായി ലക്ഷ്വറി ബോട്ടു സർവീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി കേന്ദ്ര ഗവൺമെൻറിന്റെ സഹായത്തോടെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്. ഇതു നടപ്പിലാക്കുമ്പോൾ അഷ്ടമുടിയുടെ പ്രാധാന്യവും കണക്കിലെടുക്കുന്നതാണ്.

കോഴിക്കോട്ടെ ഗവൺമെൻറ് ഗസ്റ്റ് ഹൗസ്

24 [51] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ട് ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗവൺമെൻറ് ഗസ്റ്റ് ഹൗസിനോടനുബന്ധിച്ച് ഒരു അഡിഷണൽ കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എത്ര രൂപയാണ് ഇതിന് മതിപ്പുചെലവ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ പണി എന്നു തുടങ്ങും ?

ഉത്തരം

(എ) ഉണ്ട്.

(ബി), (സി) ഇതിനുവേണ്ടി 40.35 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന എസ്റ്റിമേറിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly